**കേരള സർക്കാർ**

**സംഗ്രഹം**

ഡി.എൽ.ഇ.ഡി (ഹിന്ദി) ഡിപ്ലോമാ ഇൻ ലാംഗ്വേജ് എഡ്യൂക്കേഷൻ കോഴ്സ് നടത്തുന്നതിന് പെരിഞ്ഞനം ഹിന്ദി പ്രചാരസംഘത്തിന് ഒരു വർഷത്തേയ്ക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (സാധാ) നം.3011/2017/പൊവിവ തിരുവനന്തപുരം, തീയതി 25/08/2017**

---

പരാമർശം:- പെരിഞ്ഞനം ഹിന്ദി പ്രചാരസംഘം സെക്രട്ടറിയുടെ 15/2/2017 ലെ നിവേദനം.

**<u>ഉത്തരവ്</u>**

പെരിഞ്ഞനം ഹിന്ദി പ്രചാരസംഘത്തിന് ഡി.എൽ.ഇ.ഡി (ഹിന്ദി) കോഴ്സ് ആരംഭിക്കുന്നതിന് അംഗീകാരം നൽകണമെന്നാവശ്യപ്പെട്ട് മേൽ പരാമർശം പ്രകാരം സമർപ്പിച്ച നിവേദനം സർക്കാർ പരിശോധിച്ചു. എൻ.സി.റ്റി.ഇ മാനദണ്ഡങ്ങളും ചുവടെപ്പറയും പ്രകാരമുള്ള നിബന്ധനകളും കർശനമായി പാലിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് പ്രാരംഭമായി ഒരു വർഷത്തേയ്ക്ക് മാത്രം ഡിപ്ലോമ ഇൻ ലാംഗ്വേജ് എഡ്യൂക്കേഷൻ (ഡി.എൽ.ഇ.ഡി -ഹിന്ദി) കോഴ്സ് നടത്തുന്നതിന് തൃശ്ശൂർ പെരിഞ്ഞനം ഹിന്ദി പ്രചാരസംഘത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

1. മൂന്ന് വർഷത്തിനകം സ്വന്തമായി സ്ഥലവും കെട്ടിടവും എൻ.സി.റ്റി.ഇ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് ലഭ്യമാക്കേണ്ടതാണ്.
2. കേരള ഗവൺമെന്റ് നടത്തുന്ന ഡിപ്ലോമ ഇൻ ലാംഗ്വേജ് എഡ്യൂക്കേഷന്റെ കരിക്കുലവും സിലബസുമാണ് സ്വീകരിക്കേണ്ടത്.
3. 60 സീറ്റുള്ള ബാച്ചിൽ 50% കുട്ടികൾ മെറിറ്റിലും 50% മാനേജ്മെന്റിലും അഡ്മിഷൻ നൽകേണ്ടതാണ്.
4. മെരിറ്റ് സീറ്റിൽ സർക്കാർ മാനദണ്ഡം അനുസരിച്ചുള്ള പ്രവേശനമാനദണ്ഡങ്ങൾ സംവരണം അടക്കം കർശനമായി പാലിക്കേണ്ടതാണ്.
5. ഹിന്ദിയിലുള്ള ബിരുദമാണ് പ്രവേശത്തിനുള്ള അടിസ്ഥാനയോഗ്യത. കൂടാതെ ബിരുദത്തിന് തുല്യമായി സർക്കാർ അംഗീകരിച്ച മറ്റ് കോഴ്സുകളും പരിഗണിക്കാം.
6. പാഠ്യപദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള പ്രായപരിധി പാലിക്കേണ്ടതാണ്.
7. ഹിന്ദിയിൽ എം.എ, എം.എഡ്, എം.എ, ബി.എഡ് യോഗ്യത അദ്ധ്യാപകർക്ക് ഉണ്ടായിരിക്കേണ്ടതാണ്.
8. പ്രിൻസിപ്പലിന് മേൽപ്പറഞ്ഞ യോഗ്യതയോടൊപ്പം പത്തു വർഷത്തെ അദ്ധ്യാപന/പ്രിൻസിപ്പലായുള്ള പരിചയമുണ്ടായിരിക്കേണ്ടതാണ്.
9. നിഷ്കർഷിച്ചിട്ടുള്ള ലൈബ്രറി, റീഡിങ്ങ് റൂം തുടങ്ങി അടിസ്ഥാനവും അക്കാദമികവുമായുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.
10. ഒരു ക്ലാർക്ക്, പ്യൂൺ എന്നിവരുടെ സേവനം ഉറപ്പുവരുത്തേണ്ടതാണ്.
11. ഈ കോഴ്സ് പൂർണ്ണമായും സ്വാശ്രയ കോഴ്സ് ആണ്. ഈ കോഴ്സിന്റെ നടത്തിപ്പിന് സർക്കാരിന്റെ യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല

(മറുപുറം)

അദ്ധ്യാപക, അനദ്ധ്യാപകേതര ജീവനക്കാരുടെ നിയമനം, ശമ്പളം തുടങ്ങിയ ആനുകൂല്യങ്ങൾ എന്നീ വിഷയങ്ങളിൽ സ്വാശ്രയ സ്ഥാപനങ്ങൾക്ക് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ ഒരു വർഷത്തേക്ക് ഈ സ്ഥാപനം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ സൂക്ഷ്മ നിരീക്ഷണത്തിലായിരിക്കുന്നതും ചട്ടവിരുദ്ധമായോ നിലവാരശോഷണമോ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതും അതിൻപ്രകാരം അംഗീകാരം റദ്ദ് ചെയ്യപ്പെടാവുന്നതുമാണ്.

മുൻ പ്രസ്താവിച്ച രീതിയിൽ കാലാവധിയെത്തുമ്പോൾ ഉപഡയറക്ടർ സ്വമേധയാ സർക്കാരിലേയ്ക്ക് ഈ സംഘടനയുടെ പ്രവർത്തനം സംബന്ധിച്ച് വിശദവും സമഗ്രവുമായ റിപ്പോർട്ടയയ്ക്കേണ്ടതും അതിൻപ്രകാരം തുടർ തീരുമാനങ്ങൾ കൈക്കൊള്ളുന്നതുമായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ. ഗോപാലകൃഷ്ണ ഭട്ട്**
**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ,എസ്.സി.ഇ.ആർ.ടി , തിരുവനന്തപുരം
സെക്രട്ടറി, പരീക്ഷാ ഭവൻ, തിരുവനന്തപുരം
സെക്രട്ടറി,ഹിന്ദി പ്രചാര വിദ്യാലയം, പെരിഞ്ഞനം, തൃശ്ശൂർ.
ചുമതലയുള്ള ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും
വിദ്യാഭ്യാസഉപഡയറക്ടർമാർക്കും. } (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം,
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, വെബ് & ന്യൂമീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ